**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-10/867/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ – 685 584

ഫോൺ : 04862-227332

***ഇ-മെയിൽ : doidk.ksad@kerala.gov.in***

തീയതി. 07.11.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്**

കോടിക്കുളം ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

**വിഷയം :- കോടിക്കുളം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കോടിക്കുളം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1**ലെയും **ഭാഗം 3**ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

നം.കെ.എസ്.എ-ഐ.ഡി.കെ-10/867/2019 തീയതി : 07.11.2019

## ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

******************************

ഇടുക്കി ജില്ലയിലെ **കോടിക്കുളം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **22.09.2018** മുതൽ **26.08.2019** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും പഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സന്ധ്യ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 27.08.2019 മുതൽ 03.09.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മേരി ആന്ഡ്രൂസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുണ്‍ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജിബി ഇ. വി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യു | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായ കൃഷ്ണന്‍ | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീമതി. ഷേർലി ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. ജോസഫ് സെബാസ്റ്റ്യന്‍ | 01.04.2018 മുതൽ 01.07.2018 വരെ |
| | ശ്രീ. അഗസ്റ്റിന്‍ വി. എ | 02.07.2018 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| **അസി. എൻജിനീയർ** | ശ്രീമതി. സബിത ബീഗം | 01.04.2018 മുതൽ 06.07.2018 വരെ |
| | ശ്രീമതി. സില്ലാമോൾ മാത്യു | 07.08.2018 മുതൽ 31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീ. എം. എച്ച്. ഷബീർ | 01.04.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി. സിന്ധു റ്റി. കെ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| **മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )** | ഡോ. വി.ജെ. സാം | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ഹോമിയോ)** | ഡോ. വിനിത സാംസൺ | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവേദം)** | ഡോ. ജോസഫ് തോമസ് | 01.04.2018 മുതൽ 21.08.2018 വരെ |
| | ഡോ. ലിലി ജേക്കബ് | 22.08.2018 മുതൽ 31.03.2019 വരെ |
| **വി.ഇ.ഒ. കോടിക്കുളം സർക്കിൾ** | ശ്രീമതി. പി.എസ്. ലസീല | 01.04.2018 മുതൽ 31.03.2019 വരെ |
| **ഹെഡ്മാസ്റ്റർ ഗവ. യു.പി. സ്കൂൾ നെടുമറ്റം** | ശ്രീമതി. മോളി റ്റി. ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. ജസ്റ്റിൻ ജേക്കബ് അധികാരം | 01.04.2018 മുതൽ 31.03.2019 വരെ |
| **ഡയറി ഫാം ഇൻസ്ട്രക്ടർ** | ശ്രീ. എം.പി. സുധീഷ് | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| **ക്രമ നം.** | **ഖണ്ഡിക നം.** | **ഖണ്ഡികകൾ** |
|---|---|---|
| | | **ഭാഗം – 1 (ഓഡിറ്റ് റിപ്പോർട്ട്)** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ലൈഫ് പദ്ധതി - അവലോകനം |
| 13 | 1-13 | ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക നീക്കിയിരിപ്പ് |
| 14 | 1-14 | വസ്തുനികുതി - അപാകതകൾ |
| 15 | 1-15 | കേര കർഷകർക്ക് കീട നിയന്ത്രണം-വിതരണ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 16 | 1-16 | രജിസ്ട്രേഷൻ, ലൈസൻസ് ഇവ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 17 | 1-17 | ദുരിതാശ്വാസനിധി - വരവ്-ചെലവ് കണക്കുകൾ വാർഷിക ധനവിവര പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 18 | 1-18 | പത്താംതരം തുല്യതാപഠനം - ചെലവിന്റെ വിശദാംശം ലഭ്യമാക്കാത്തത് |
| 19 | 1-19 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 20 | 1-20 | തെരുവ് വിളക്ക് മെയിന്റനൻസും പുതിയവ സ്ഥാപിക്കലും എന്ന പദ്ധതിയിൽ |

| | | |
|---|---|---|
| | | വാർഷിക അറ്റകുറ്റപ്പണി നടത്തിയതിൽ അപാകത |
| 21 | 1-21 | ഹരിത ഭവനം - അപാകതകൾ |
| 22 | 1-22 | ആർജ്ജിതാവധി പുനഃക്രമീകരിക്കാത്തത് സംബന്ധിച്ച് |
| 23 | 1-23 | മരുന്ന് ലഭ്യമായില്ല |
| 24 | 1-24 | അങ്കണവാടിക്ക് സ്ഥലം ലഭിച്ചിട്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച് |
| 25 | 1-25 | വൌച്ചറുകൾ ഹാജരാക്കാത്തത് |
| | | **ഭാഗം – 2 (വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| | | - ഇല്ല – |
| | | **ഭാഗം – 3 (ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| 26 | 3-1 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണികൾ- പ്രവൃത്തി നിർവ്വഹിക്കാത്ത കാലയളവിനും തുക നൽകിയിരിക്കുന്നു - നഷ്ടം ₹24,934/- |
| | | **ഭാഗം – 4 (പൊതുവിവരങ്ങളും പ്രത്യവലോകനവും)** |
| 27 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 28 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |

| | | |
|---|---|---|
| 31 | 4-5 | വായ്പ/വായ്പാതിരിച്ചടവ് |
| 32 | 4-6 | സ്ഥിര നിക്ഷേപം |
| 33 | 4-7 | ഓഡിറ്റ് റിക്കവറി |
| 34 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 35 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം |
| 36 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ |
| 38 | അനുബന്ധം – 1 | ഓഡിറ്റ് സർട്ടിഫിക്കറ്റുകൾ |



## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

16.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.05.2019 | 20.05.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹32,70,584 |
| വരവ് | ₹4,68,58,026 |
| ആകെ | ₹5,01,28,610 |
| ചെലവ് | ₹4,24,37,279 |
| നീക്കിയിരിപ്പ് | ₹76,91,331 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| **വികസന ഫണ്ട് -** ജനറൽ (ACR പ്രകാരം) | 0 | 8789547 | 8789547 | 8737939 | 51608 |
| **വികസന ഫണ്ട് -** എസ്.സി.പി (ACR പ്രകാരം) | 0 | 1494000 | 1494000 | 1382555 | 111445 |
| **വികസന ഫണ്ട് -** ടി.എസ്.പി (ACR പ്രകാരം) | 0 | 60000 | 60000 | 60000 | 0 |
| **മെയിന്റനൻസ് -** റോഡ് (ACR പ്രകാരം) | 0 | 4803000 | 4803000 | 3991456 | 811544 |
| **വികസന ഫണ്ട് -** നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2780000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5682393 | 5682393 | 3096493 | 2585900 |
| സാക്ഷരത | | 136929 | 5432 | 142361 | 34180 | 108181 |
| എം.ജി. എൻ.ആർ. ഇ.ജി. എസ് | തൊഴിലാളികളുടെ കൂലി | 0 | 11548894 | 11548894 | 11548894 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 28914 | 339587 | 368501 | 355128 | 13373 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ഐ.സി.ഡി.എസ് | | 0 | 538606 | 538606 | 398566 | 140040 |
| എസ്.എസ്.എ | | 4207 | 0 | 4207 | 4207 | 0 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ** | | | | | | |
| ശുചിത്വ മിഷൻ | | 777860 | 2164577 | 2942437 | 614689 | 2327748 |
| എം.എൻ. ലക്ഷം വീട്, ആധാർ ഇൻസെന്റീവ്, വിമുക്തി | | 736613 | 26515 | 763128 | 24500 | 738628 |
| കേരളോൽസവം | | 20000 | 0 | 20000 | 20000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 100000 | 1487310 | 1587310 | 713382 | 873928 |
| | ജില്ലാപഞ്ചായത്ത് | 150000 | 1350418 | 1500418 | 1340488 | 159930 |
| ബി-ഫണ്ട് | | 0 | 98160 | 98160 | 98160 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 279383 | 5412226 | 5691609 | 3387036 | 2304573 |

| | | | | | |
|---|---|---|---|---|---|
| തനത് ഫണ്ട്(*) | 305520 | 6177549 | 6483069 | 6021388 | 461681 |
| തനത് ഫണ്ടിലൂടെ ഇടപാടുകൾ നടത്തുന്ന മറ്റിനങ്ങൾ(**) | 731158 | 600556 | 1331714 | 768689 | 563025 |

(*)B4-ൽ പരാമർശിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തനത് ഫണ്ടിന്റെ ഏതൊക്കെ അക്കണ്ടുകളിലാണ് നിലനിർത്തിയിരിക്കുന്നതെന്ന കൃത്യമായ വിവരം ലഭ്യമല്ലാത്തതിനാൽ തനത് ഫണ്ട് നീക്കിയിരിപ്പ് തുകയുടെ ബാങ്ക്-ട്രഷറി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

(**)തനത് ഫണ്ടിലൂടെ ഇടപാടുകൾ നടത്തുന്ന മറ്റിനങ്ങൾ വേർതിരിച്ചതിനാൽ തനത് ഫണ്ടിന്റെ പ്രാരംഭബാക്കി മുൻവർഷത്തെ നീക്കിയിരിപ്പിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 62096442 | 103 | 24463830 | 0 | 40 | 71.02 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | ചെലവ് ₹ | ശതമാനം |
|---|---|---|---|---|---|
| 1. | സെക്രട്ടറി | 24 | 18 | 3216373 | |
| 2. | അസി. എൻജിനീയർ | 65 | 33 | 8179123 | |
| 3. | വെറ്ററിനറി സർജൻ | 5 | 5 | 1425333 | |
| 4. | കൃഷി ഓഫീസർ | 7 | 5 | 1436347 | |

| | | | | | |
|---|---|---|---|---|---|
| 5. | വി. ഇ. ഒ. | 20 | 20 | 5173046 | |
| 6. | ഐ. സി. ഡി. എസ്. | 6 | 6 | 2095154 | |
| 7. | എം. ഒ. പി. എച്ച്. സി. | 4 | 3 | 873404 | |
| 8. | എം. ഒ. ആയുർവേദം | 1 | 1 | 325000 | |
| 9. | ഹോമിയോ | 1 | 1 | 100000 | |
| 10. | ഹെഡ് മാസ്റ്റർ | 9 | 9 | 740050 | |
| 11. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 900000 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട്നൽകുന്നത് | 0 | 11548894 | 11548894 | 11548894 | 0 |
| ഭരണചെലവുകൾ | 28914 | 339587 | 368501 | 355128 | 13373 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98160 | 61 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2070800 | 157 |
| വിധവ പെൻഷൻ | 4500400 | 345 |
| വാർദ്ധക്യകാല പെൻഷൻ | 11972400 | 864 |
| വികലാംഗപെൻഷൻ | 1662000 | 126 |
| അവിവാഹിതർക്കുള്ള പെൻഷൻ | 456000 | 35 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7,833/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൌണ്ടിംഗ് സിസ്റ്റം-അപാകതകളോടുകൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-11ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. ക്യാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. സർക്കാർ ഉത്തരവിൻപ്രകാരം അനുവദനീയമായതിലും അധികം തുക വാഹന വാടകയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല.

**<u>രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം</u>**

പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.

**<u>സ്റ്റോക്ക് രജിസ്റ്റർ</u>**

സ്ഥാപനം തനത് ഫണ്ടുപയോഗിച്ച് നടത്തിയ വാങ്ങലുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കംപ്യൂട്ടർ, പ്രിന്റർ, മുതലായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ രജിസ്റ്ററിൽ അവയുടെ ഗ്യാരന്റി/വാറന്റി വിവരങ്ങൾ, റിപ്പയർ, എ.എം.സി വിവരങ്ങൾ എന്നിവയും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അറ്റകുറ്റപ്പണികൾ നടത്തുന്ന ഇനങ്ങളുടെ വിവരം റിപ്പയർ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

**<u>ബിൽ രജിസ്റ്റർ</u>**

ബിൽ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ 03/2019ലെ വൗച്ചറുകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബിൽ രജിസ്റ്റർ പൂർണ്ണമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**<u>സ്യൂട്ട് രജിസ്റ്റർ</u>**

പഞ്ചായത്തിന് വിവിധ കോടതികളിലായി നിലവിൽ 16 കേസുകളുണ്ട്. കേസുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന സ്യൂട്ട് രജിസ്റ്ററിൽ കേസ്സിന്റെ വിശദാംശങ്ങളോ വക്കീൽ ഫീസ് നല്കിയതിന്റെ വിവരങ്ങളോ ചേർക്കുന്നില്ല. കേസിന്റെ വിശദാംശങ്ങളും ചെലവ് വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതാണ്.

**<u>ആസ്തി രജിസ്റ്റർ</u>**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൻവർഷം 120, 136 നമ്പർ അങ്കണവാടികൾക്ക് 3 സെന്റ് വീതവും 41ാം നമ്പർ അങ്കണവാടിക്ക് 2 സെന്റും സ്ഥലം ലഭിച്ചിട്ടുള്ളത് പഞ്ചായത്തിന്റെ പേരിൽ ചേർത്തുവെങ്കിലും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. പഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ചിട്ടുള്ള സ്ഥാവര ജംഗമ ആസ്തികൾ

രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

കണ്ടിജന്റ് ചെലവുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്ന ബിൽ രജിസ്റ്ററിൽ 04/18 മുതൽ 08/18 വരെയുള്ള കണ്ടിജന്റ് വൗച്ചറുകൾക്ക് മാത്രമാണ് ബിൽ നം., വൗച്ചർ നം., ചെക്ക് നം. മുതലായവ രേഖപ്പെടുത്തിയിട്ടുള്ളത്. 09/18 മുതലുള്ള ചെലവുകളുടെ വിവരങ്ങളൊന്നും വ്യക്തമല്ല. തൻവർഷത്തെ

ചെലവുകളുടെ വിവരം ബിൽ നം., പെയ്മെന്റ് വൗച്ചർ നം., ചെക്ക് നം. എന്നിവ സഹിതം രേഖപ്പെടുത്തി ബിൽ രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.

**ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ**

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

**ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ**

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും രണ്ട് പ്രാവശ്യം വീതം സമ്മേളിച്ചിട്ടുണ്ട്. കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല. ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.08.2019 & 18.08.2019 | 7/2019 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.06.2014 മുതൽ 23.06.2014 വരെ | 2009-2010 മുതൽ 2013-2014 വരെ | 16.09.2014 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

**1.** സ്റ്റോക്ക് മൂല്യം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

2. തൻവർഷ കുടിശ്ശിക തുകകൾക്ക് ക്രമപ്രകാരമുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തികളുടെ കൃത്യത വ്യക്തമല്ല.

4. വസ്തുനികുതിയുടെ സാംഖ്യ-സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. പൊരുത്തപ്പെടുന്നില്ല.

5. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ രജിസ്റ്റർ പ്രകാരം ഡിമാന്റായി ₹6,53,300/-ഉം കളക്ഷൻ ഇനത്തിൽ ₹6,52,050/-, ബാലൻസായി ₹1,250/-ഉം ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എ.എഫ്.എസ്. പ്രകാരം ബാലൻസ് NIL ആണ്.

6. ബാങ്ക്/ട്രഷറി പാസ്ബുക്കുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. ബ്ലോക്ക്പഞ്ചായത്തിൽ നിന്ന് ലഭിച്ച പാൽ ഇൻസെന്റീവ് ഇനത്തിൽ ₹2,00,000/-യും വാഴക്കാല അംഗൻവാടി നിർമ്മാണ ഇനത്തിൽ ₹3,00,000/-യും ഉൾപ്പെടെ ആകെ ₹5,00,000/- കണക്കിൽ വരവ് വെച്ചിട്ടില്ല.

## 1-12 ലൈഫ് പദ്ധതി - അവലോകനം

ലൈഫ് പദ്ധതിയിൽ 38 പേർ കരാർ ചമച്ച് ഭവന നിർമ്മാണം ആരംഭിച്ചു. വി.ഇ.ഒ. നിർവഹണ ഉദ്യോഗസ്ഥയായ ഈ പദ്ധതിയിലൂടെ ധനസഹായമനുവദിച്ചതിൽ പൂർത്തീകരിച്ച ഘട്ടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഘട്ടം | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|
| | പൊതു വിഭാഗം | എസ്.സി | എസ്.റ്റി |
| തറ നിർമാണം | - | - | - |
| ഭിത്തി നിർമാണം | - | 0 | - |
| മേൽക്കൂര നിർമാണം | 35 | 3 | 0 |
| **ആകെ** | **35** | **3** | **0** |

പദ്ധതിക്ക് വേണ്ടി തൻവർഷം ലഭിച്ചതും ചെലവഴിച്ചതുമായ വിവിധ ഫണ്ടിനങ്ങളുടെ വിഭാഗം തിരിച്ചുള്ള വിശദാംശം.

| ഇനം | | വികസന ഫണ്ട് ₹ | ബ്ലോക്ക്പഞ്ചായത്ത് വിഹിതം ₹ | ജില്ലാപഞ്ചായത്ത് വിഹിതം ₹ | വായ്പ ₹ |
|---|---|---|---|---|---|
| പൊതു വിഭാഗം | വകയിരുത്തിയത് | 1760,800 | 447569 | 513431 | 7920,000 |
| | ചെലവഴിച്ചത് | 1760000 | 440000 | 503501 | 7920000 |

| | | | | | |
|---|---|---|---|---|---|
| **പട്ടികജാതി വിഭാഗം** | വകയിരുത്തിയത് | 400,000 | 111691 | 0 | 0 |
| | ചെലവഴിച്ചത് | 400,000 | 111691 | 0 | 0 |
| **പട്ടികവർഗ്ഗ വിഭാഗം** | വകയിരുത്തിയത് | 0 | 0 | 0 | 0 |
| | ചെലവഴിച്ചത് | 0 | 0 | 0 | 0 |

നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭരണ സമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-13 ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക നീക്കിയിരിപ്പ്

സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരേയും അഗതി കുടുംബങ്ങളേയും കണ്ടെത്തി അവർക്ക് സാമൂഹിക സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്നതാണ് ആശ്രയ-യുടെ ലക്ഷ്യം 67 കുടുംബങ്ങളെ ഉൾപ്പെടുത്തി ആശ്രയ ഒന്നാം ഘട്ടം നടപ്പിലാക്കി. 32 കുടുംബങ്ങളെ ഉൾപ്പെടുത്തി ആശ്രയ രണ്ടാം ഘട്ടം നടപ്പിലാക്കി. 96 കുടുംബങ്ങളെ ഉൾപ്പെടുത്തി ആശ്രയ അഗതിരഹിത കേരളം പദ്ധതിക്ക് കെ.എസ്.എൽ-257/19(1)/തീ. 25.01.2019 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ആശ്രയ അക്കൗണ്ടിൽ വിവിധ പ്രോജക്ടുകളിലായി യഥാക്രമം ₹2,00,018/- ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ദരിദ്രരുടെ ഉന്നമനത്തിനായി നീക്കിവെയ്ക്കുന്ന തുക ചെലവഴിക്കാതെ അക്കൗണ്ടിൽ ഇട്ടിരിക്കുന്നത് ശരിയായ നടപടിയല്ല. ക്രിയാത്മകമായ നടപടികൾ ഒന്നും സ്വീകരിക്കാതിരുന്നത് പഞ്ചായത്തിന്റെ ഉത്തമ താൽപര്യത്തിന് ഭൂഷണമല്ല. അഗതികളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള പദ്ധതികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി - അപാകതകൾ

#### 1. വസ്തുനികുതി – വൻതുക ഈടാക്കാനവശേഷിക്കുന്നു

വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി പാർപ്പിട വിഭാഗത്തിൽ ₹39,698/-ഉം പാർപ്പിടേതര വിഭാഗത്തിൽ ₹1,24,624/-ഉം തനത് വരുമാനം കുറവായ പഞ്ചായത്ത് ഈടാക്കാനവശേഷിക്കുന്നു. കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2. മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കുന്നില്ല**

താഴെ പരാമർശിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

| മൊബൈൽ ടവറിന്റെ പേര്, വാർഡ് നം. | ഡിമാന്റ് സഞ്ചയ പ്രകാരം | ഈടാക്കുവാനുള്ള | |
|---|---|---|---|
| | | തുക | വർഷം |
| റ്റാറ്റ ഇൻഡികോം 8/128 | 6196 | 6196 | 2018-19 |
| ബി.എസ്.എൻ.എൽ. 9/28 | 5040 | 25200 | 2013-14 മുതൽ 2018-19 വരെ |

ഈടാക്കുവാനുള്ള വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

**3. രേഖകളുടെ പിൻബലമില്ലാതെ ഡിമാന്റിൽ കുറവ് ചെയ്തത്**

വസ്തുനികുതി ഇനത്തിൽ പാർപ്പിട വിഭാഗത്തിൽ ₹63,652/-ഉം പാർപ്പിടേതര വിഭാഗത്തിൽ ₹31,120/- വ്യക്തമായ രേഖകളുടെ പിൻബലമില്ലാതെ ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വസ്തുനികുതി പ്യൂരിഫിക്കേഷൻ പ്രക്രിയ പൂർത്തിയാക്കിയത് മൂലം സഞ്ചയ-യിൽ കൃത്യത വന്നതിനാൽ സാംഖ്യ സഞ്ചയ-യോട് തുല്യമാകുന്നതിനായി സാംഖ്യയിൽ അവശേഷിച്ച തുകകൾ പ്രയർ പീരിയഡ് ഹെഡിലേക്ക് മാറ്റിയിട്ടതാണെന്ന മറുപടി അംഗീകരിക്കുന്നില്ല. വസ്തുനികുതി ഡിമാന്റിൽ ₹94,772/- കുറവ് വരുത്തിയതിന് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സഞ്ചയ-സാംഖ്യ പ്രകാരമുള്ള വസ്തുനികുതിയിനത്തിലെ വ്യത്യാസം താഴെ സൂചിപ്പിക്കുന്നു.

| | സഞ്ചയ പ്രകാരം (₹) | | | സാംഖ്യ പ്രകാരം (₹) | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടം (തൻവർഷം) | 1243177 | 1175644 | 30117 | 1182884 | 1120570 | 30,074 |

| | | | | | | |
|---|---|---|---|---|---|---|
| പാർപ്പിടം (കുടിശ്ശിക) | 0 | 129873 | 9670 | 0 | 117057 | 9624 |
| പാർപ്പിടേതരം (തൻവർഷം) | 648619 | 608100 | 30437 | 617136 | 562015 | 30423 |
| പാർപ്പിടേതരം (കുടിശ്ശിക) | 0 | 189045 | 94210 | 0 | 117665 | 94201 |

## 1-15 കേര കർഷകർക്ക് കീട നിയന്ത്രണം-വിതരണ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| പദ്ധതി/നമ്പർ | അടങ്കൽ ₹ | ബിൽ നം. | തുക ₹ |
|---|---|---|---|
| കേര കർഷകർക്ക് കീട നിയന്ത്രണം (28/19) | 45340 | 5/2018-19/27-12-2018 | 34000 |
| | | ഗുണ.വിഹിതം (ചെക്ക് നം.2068/28-03-2019) | 11340 |

സൂചിത പദ്ധതി പ്രകാരം വാങ്ങിയ 162 ഫിറമോൺ ട്രാപ്പുകളുടെ വിതരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ₹45,340/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 രജിസ്ട്രേഷൻ, ലൈസൻസ് ഇവ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 132 സ്ഥാപനങ്ങൾ ഉള്ളതിൽ 117 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 8ന് മറുപടിയായി 13 സ്ഥാപനങ്ങൾ തൻവർഷം പ്രവർത്തിച്ചില്ലെന്നും ബാക്കി 2 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. റോയി സെബാസ്റ്റ്യൻ, കരിമ്പാനിയിൽ(V/115, 116), റ്റി.കെ. രാജു, തണ്ടേൽ(XIII/447) എന്നിവരുടെ ഉടമസ്ഥതയിലുള്ള ടി സ്ഥാപനങ്ങൾ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. വണ്ടമറ്റത്ത് പ്രവർത്തിക്കുന്ന ശ്രീ. ബേബി വർഗ്ഗീസ്, ആട്ടക്കുന്നേൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള അക്വാറ്റിക് സെന്റർ, നീന്തൽ പരിശീലന കേന്ദ്രം കുട്ടികളും മുതിർന്നവരും ഉൾപ്പടെ ധാരാളം ആളുകൾ നീന്തൽ പരിശീലനം നടത്തുന്നതും ഫീസിനത്തിൽ നല്ല വരുമാനം ലഭിക്കുന്നതുമായ സ്ഥാപനമാണ്.

എന്നാൽ വർഷങ്ങളായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനം നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് പ്രകാരവും ലൈസൻസിലെ നിബന്ധനകൾക്ക് വിധേയമായും മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ.

3. പഞ്ചായത്ത് പരിധിയിൽ 7 റേഷൻ കടകൾ, 7 കള്ള് ഷാപ്പുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. 2018-19ൽ ടി സ്ഥാപനങ്ങൾ ഡി.&ഒ. ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

4. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 265 പ്രകാരം ഏതെങ്കിലും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെടാത്ത കോളേജുകൾ ലൈസൻസ് എടുത്താണ് പ്രവർത്തിക്കേണ്ടത്. ആയതിനാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ കോളേജ് ഓഫ് ആർട്സ് & സയൻസ് എന്ന സ്വകാര്യ കോളേജിന് സർവ്വകലാശാല അഫിലിയേഷൻ ഉള്ളതാണോയെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സെന്റ് ജോർജ്ജ് ഹോമിയോ ക്ലിനിക്, നെടുമറ്റം പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. കൂടാതെ, ശ്രീഭദ്രാ കേബിൾസ്, പടിഞ്ഞാറേ കോടിക്കുളം എന്ന സ്ഥാപനവും ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്ത ടി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ദുരിതാശ്വാസനിധി - വരവ്-ചെലവ് കണക്കുകൾ വാർഷിക ധനവിവര പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 05-03-19ലെ 15-ാം നമ്പർ ജനറൽ കമ്മിറ്റി തീരുമാന പ്രകാരം ദുരിതാശ്വാസനിധി സബ്കമ്മിറ്റി രൂപീകരിച്ച് ആയതിന് യൂണിയൻ ബാങ്ക്, കോടിക്കുളം ശാഖയിൽ 34780201001628 നമ്പരായി സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. തൻവർഷം ഈയിനത്തിൽ ₹6,700/- വരവും ₹6,500/- ചെലവും ഉള്ളതായി കാണുന്നു. എന്നാൽ ഈയിനത്തിലുള്ള വരവ്-ചെലവ് കണക്കുകൾ വാർഷിക ധനവിവരപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 5(1) പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിന്

കെ.പി.ആർ.(ദുരി.)ചട്ടങ്ങൾ, ചട്ടം 3(2) പ്രകാരമുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. അതോടൊപ്പം, വരവ്-ചെലവ് വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-18 പത്താംതരം തുല്യതാപഠനം - ചെലവിന്റെ വിശദാംശം ലഭ്യമാക്കാത്തത്

| | |
|---|---|
| **ബിൽ നം.** | 2/18-19 തീയതി. 16.02.2019 തുക ₹19,250/- |
| **പ്രൊജക്റ്റ് നം.** | 89/18-19 |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | ഹെഡ് മാസ്റ്റർ |

പത്താംതരം തുല്യതാപഠനത്തിന് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 10 പഠിതാക്കളുടെ വിഹിതമായി ₹19,250/- സാക്ഷരത മിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക ₹19,250/- തടസ്സപ്പെടുത്തുന്നു.

## 1-19 തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| **പ്രോജക്റ്റ്** | **S0037/19, തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും** |
| **അടങ്കൽ** | ₹2,06,950/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | സെക്രട്ടറി |
| **ബിൽ നം./തീയതി/തുക** | 50/2018-19/18.02.2019. ₹2,04,583/- |

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി. വണ്ണപ്പുറം ഇലക്ട്രിക്കൽ സെക്ഷന്റെ ഡിമാന്റ് നോട്ടീസിന്മേൽ മേൽ ബിൽ പ്രകാരം ₹2,04,583/- ഒടുക്കിയിരിക്കുന്നു. എന്നാൽ പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പദ്ധതിയിന്മേൽ

 തുടർ നടപടി സ്വീകരിച്ച് പ്രവൃത്തിയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-20 തെരുവ് വിളക്ക് മെയിന്റനൻസും പുതിയവ സ്ഥാപിക്കലും എന്ന പദ്ധതിയിൽ വാർഷിക അറ്റകുറ്റപ്പണി നടത്തിയതിൽ അപാകത

2018-19ൽ S0128/19, തെരുവ് വിളക്ക് മെയിന്റനൻസും പുതിയവ സ്ഥാപിക്കലും എന്ന പദ്ധതി പ്രകാരം 20 watts LED light സ്ഥാപിക്കുന്നതിന് ₹1,50,000/-യും 13 വാർഡുകളിലായി 183 സി.എഫ്.എൽ. ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി ചെയ്യുന്നതിനായി ₹1,00,000/-യും വകയിരുത്തിയിരുന്നു. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ 44 എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്നതിന് ₹1,49,600/-യും 183 സി.എഫ്,എൽ. ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിന് ₹99,735/-യും രേഖപ്പെടുത്തിയ RIZ SAF LIGHTING SOLUTIONS, Thodupuzha എന്ന സ്ഥാപനത്തിന് ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇത് പ്രകാരം 12.03.2018ൽ സ്ഥാപനം പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വാർഷിക അറ്റകുറ്റപ്പണി കരാർ തീയതി മുതൽ ഒരു വർഷം എന്നതാണ് കരാറിലെ വ്യവസ്ഥ. അതായത് 12.03.2018 മുതൽ 11.03.2019 വരെയുള്ള കാലയളവിൽ പഞ്ചായത്തിലെ സി.എഫ്.എൽ. ലൈറ്റ് അറ്റകുറ്റപ്പണി നടത്തുവാൻ ബാദ്ധ്യതയുള്ള സ്ഥാപനം 30.11.2018 കരാർ പ്രകാരമുള്ള എല്ലാ ജോലികളും പൂർത്തീകരിച്ചു എന്ന് കാണിച്ച് 03.12.2018ൽ ബില്ല് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക അറ്റകുറ്റപ്പണികൾക്കും ലൈറ്റ് സ്ഥാപിച്ചതിനും പൂർണ്ണമായ തുക ₹2,49,334/- മേൽ സൂചിത ബിൽ പ്രകാരം നൽകുകയും ചെയ്തിരിക്കുന്നു. മെയിന്റനൻസ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി വാർഡ് മെമ്പർമാർ 2018 നവംബർ, ഡിസംബർ മാസത്തിൽ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. അവസാന മൂന്ന് മാസം കരാർ പ്രകാരമുള്ള പ്രവൃത്തി നിർവ്വഹിക്കാതെ തുക നൽകിയതിനാൽ ₹24,934/- നഷ്ടം ഉണ്ടായിരിക്കുന്നു **(വിശദാംശങ്ങൾ ഭാഗം മൂന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു).**

## 1-21 ഹരിത ഭവനം - അപാകതകൾ

**നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ**

| പദ്ധതി, നമ്പർ | അടങ്കൽ ₹ | ബിൽ നം. | തുക ₹ |
|---|---|---|---|
| ഹരിത ഭവനം (83/19) | 520000 | 7/2018-19/12-03-2019 | 160000 |
| | | 10/2018-19/23-03-2019 | 230000 |
| | | ഗുണ.വിഹിതം (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നത്) | 130000 |

കൃഷിയോഗ്യമായ എല്ലാ സ്ഥലവും ജൈവകൃഷി നടത്തുക, കിണർ റീ-ചാർജിംഗ് സംവിധാനം ഒരുക്കുക, ജൈവമാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, വളർത്ത് പക്ഷി-മൃഗ സംരക്ഷണം, മണ്ണ് സംരക്ഷണം

തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിൽ സംയോജിത ജൈവകൃഷി പ്രോത്സാഹനമാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന ഭൗതിക നേട്ടം. ഒരാൾക്ക് ₹10,400/- (അതിന്റെ 25% ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്നു) എന്ന നിരക്കിൽ 50 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നു.

അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 47-ൽ എട്ട് പേർക്ക് ₹20,000/-, അഞ്ച് പേർക്ക് ₹15,334/-, പത്ത് പേർക്ക് ₹15,333/- വീതം ആകെ 23 ഗുണഭോക്താക്കൾക്ക് മാത്രമാണ് തുകകൾ വിതരണം ചെയ്തത്. മാനദണ്ഡങ്ങൾ പാലിച്ച്, തുകകൾ കൈപ്പറ്റാനെത്തിയവരുടെ എണ്ണത്തിൽ കുറവുണ്ടായതിനാൽ പദ്ധതി തുക പരമാവധി ചെലവഴിക്കുന്നതിനുവേണ്ടി അധിക നിരക്കിൽ ആനുകൂല്യം നൽകേണ്ടതായി വന്നുവെന്ന് കൃഷി ഓഫീസിൽ നിന്ന് അറിയിച്ചിട്ടുണ്ട്.

ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക(₹) | അപാകത |
|---|---|---|---|
| 1 | ജോജി ജോർജ് | 15334 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 2 | തോമസ് കെ. പി. | 20000 | തുറസ്സായതോ ഇടവിള കൃഷികൾക്ക് അനുയോജ്യമായ രീതിയിൽ തണൽ ക്രമീകരിച്ചിരിക്കുന്നതോ ആയ ചുരുങ്ങിയത് 50 സെന്റ് പുരയിടമുള്ള കർഷകർ എന്നതാണ് പദ്ധതി നട്ടിത്തിപ്പിന്റെ പ്രഥമ മാനദണ്ഡം. എന്നാൽ 38 സെന്റിന്റെ രേഖകൾ മാത്രമാണ് ഫയലിലുള്ളത് |
| 3 | ശാരദ | 15333 | പ്രഥമ മാനദണ്ഡ ലംഘനം - 30 സെന്റിന്റെ രേഖകൾ മാത്രമാണ് ഫയലിലുള്ളത് |
| 4 | പയസ് | 15334 | പ്രഥമ മാനദണ്ഡ ലംഘനം - 43 സെന്റിന്റെ രേഖകൾ മാത്രമാണ് ഫയലിലുള്ളത് |
| 5 | അന്നക്കുട്ടി മാത്യു | 20000 | മാനദണ്ഡങ്ങൾ പാലിച്ചുവെന്ന് ഉറപ്പാക്കുന്ന രേഖകൾ ഫയലിലില്ല |
| 6 | ബിനു ജേക്കബ്ബ് | 15334 | |
| | **ആകെ** | **101335** | |

പദ്ധതി പൂർത്തീകരിച്ച് മൂല്യനിർണയം നടത്തിയതിന്റെ സാക്ഷ്യപത്രമോ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ സൂചിത അപാകതകളുടെ അടിസ്ഥാനത്തിൽ ₹1,01,335/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ആർജ്ജിതാവധി പുനഃക്രമീകരിക്കാത്തത് സംബന്ധിച്ച്

മൂന്ന് വർഷത്തെ സേവനം പൂർത്തീകരിക്കുന്ന ജീവനക്കാരുടെ ആദ്യ വർഷത്തെ ആർജ്ജിതാവധി 1/11 എന്ന നിരക്കിൽ പുനഃക്രമീകരിക്കാവുന്നതാണ് (27.02.2007ലെ സ.ഉ.നം.75/07/ധന). ആർജ്ജിതാവധി നാളിതുവരെ പുനഃക്രമീകരിക്കാത്ത പഞ്ചായത്ത് ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/ഉദ്യോഗപേര് | സേവനത്തിൽ പ്രവേശിച്ച തീയതി |
|---|---|---|
| 1. | രാജീവ് ഇ.ജി., സീനിയർ ക്ലാർക്ക് | 10-06-1998 |
| 2 | ദീനാ കെ.പി., ക്ലാർക്ക് | 06-03-2014 |
| 3 | മജേഷ് ടി.ടി., ക്ലാർക്ക് | 29-08-2014 |
| 4 | സിജോമോൻ ഇ.ജി., ഓഫീസ് അറ്റൻഡന്റ് | 07-06-2010 |

ഇവരുടെ ആർജ്ജിതാവധി പുനഃക്രമീകരിച്ച് കണക്ക് കൃത്യമാക്കേണ്ടതാണ്.

## 1-23 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്ട് നമ്പർ | 9/2018-19 |
| ബിൽ നമ്പർ | 1/18-19/19.11.2018 തുക ₹1,00,000/- |

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്നുകൾ വാങ്ങുന്നതിനായി ₹1,00,000/- മേൽ ബില്ല് പ്രകാരം പിൻവലിച്ച് ഹോംകോ, ആലപ്പുഴ-യ്ക്ക് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. ₹1,00,000/-ന്റെ മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 അങ്കണവാടിക്ക് സ്ഥലം ലഭിച്ചിട്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിന് 12 അങ്കണവാടികൾ ഉള്ളതിൽ 5 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

തൻവർഷം 2 അങ്കണവാടികൾക്ക് (നം.120, 136) സ്വന്തമായി സ്ഥലം ലഭിച്ചുവെങ്കിലും കെട്ടിടം പണിയുന്നതിന് നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ അന്വേഷണത്തിന് (നം.16) ലഭ്യമാക്കിയ മറുപടിയിൽ 120, 136 നം. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 2019-20 വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭിച്ച അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം അങ്കണവാടികൾക്കായി ലഭിച്ച സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-25 വൌച്ചറുകൾ ഹാജരാക്കാത്തത്

തനത് ഫണ്ട് വൌച്ചറുകൾ ക്രമമായി സൂക്ഷിച്ചിട്ടില്ല. ബിൽ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ 3/19ലെ വൌച്ചറുകൾ പൂർണ്ണമായി ബിൽ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. ബിൽ രജിസ്റ്ററിൽ പേമെന്റ് വൌച്ചർ നം./ബിൽ നം. ഇവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. 30.03.2019, 31.03.2019 തീയതികളിലെ തനത് ഫണ്ട് വൌച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് അനുബന്ധ രേഖകൾസഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണികൾ- പ്രവൃത്തി നിർവ്വഹിക്കാത്ത കാലയളവിനും തുക നൽകിയിരിക്കുന്നു - നഷ്ടം ₹24,934/-

| | |
|---|---|
| **പ്രോജക്ട്** | **S0128/19, തെരുവ് വിളക്ക് മെയിന്റനൻസും പുതിയവ സ്ഥാപിക്കലും** |
| **അടങ്കൽ** | ₹2,50,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | സെക്രട്ടറി |
| **ബിൽ നം./തീയതി/തുക** | 43/18-19/29.12.2018/ ₹2,49,334/- |
| **കരാറുകാരൻ** | ശ്രീ. കെ. എ. ഷാജഹാൻ<br>RIZ SAF LIGHTING SOLUTIONS |

മേൽ പദ്ധതി പ്രകാരം 20 watts LED light സ്ഥാപിക്കുന്നതിന് ₹1,50,000/-യും 13 വാർഡുകളിലായി 183 സി.എഫ്.എൽ. ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി ചെയ്യുന്നതിനായി ₹1,00,000/- വകയിരുത്തിയിരുന്നു. ഇതിനായി ടെണ്ടർ ക്ഷണിച്ചതിൽ 44 എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്നതിന് ₹1,49,600/-യും 183 സി.എഫ്.എൽ. ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിന് ₹99,735/-യും രേഖപ്പെടുത്തിയ RIZ SAF LIGHTING SOLUTIONS, Thodupuzha എന്ന സ്ഥാപനത്തിന് ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇത്

പ്രകാരം 12.03.2018ൽ സ്ഥാപനം പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വാർഷിക അറ്റകുറ്റപ്പണി കരാർ തീയതി മുതൽ ഒരു വർഷം എന്നതാണ് കരാറിലെ വ്യവസ്ഥ. അതായത് 12.03.2018 മുതൽ 11.03.2019 വരെയുള്ള കാലയളവിൽ പഞ്ചായത്തിലെ സി.എഫ്.എൽ. ലൈറ്റ് അറ്റകുറ്റപ്പണി നടത്തുവാൻ ബാദ്ധ്യതയുള്ള സ്ഥാപനം 30.11.2018 കരാർ പ്രകാരമുള്ള എല്ലാ ജോലികളും പൂർത്തീകരിച്ചു എന്ന് കാണിച്ച് 03.12.2018ൽ ബില്ല് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വാർഷിക അറ്റകുറ്റപ്പണികൾക്കും ലൈറ്റ് സ്ഥാപിച്ചതിനും പൂർണ്ണമായ തുക ₹2,49,334/- മേൽ സൂചിത ബിൽ പ്രകാരം നൽകിയിരിക്കുന്നു. മെയിന്റനൻസ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി വാർഡ് മെമ്പർമാർ 2018 നവംബർ, ഡിസംബർ മാസത്തിൽ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. അവസാന മൂന്ന് മാസം കരാർ പ്രകാരമുള്ള പ്രവൃത്തി നിർവ്വഹിക്കാതെ തുക നൽകിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. വാർഷിക അറ്റകുറ്റപ്പണികൾക്കായി നൽകിയ ₹99,735/- തുകയിൽ പ്രവൃത്തി നിർവ്വഹിക്കാത്ത മൂന്ന് മാസത്തിന് ആനുപാതികമായ തുക ₹24,934/- കരാറുകാരന് അധികമായി നൽകിയിരിക്കുന്നു. കരാർ പ്രകാരമുള്ള പ്രവൃത്തിയിൽ വീഴ്ച വരുത്തിയാൽ റവന്യൂ റിക്കവറി നടപടിയിലൂടെ കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുവാൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അധികമായി നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14) മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ അടിയന്തരമായി തുക ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്. ₹24,934/-യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.05.2019 & 25.05.2019 | KSA-IDK-3/520(20)/19<br>തീ. 14.08.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | മുൻ | 100000 | പാൽ ഇൻസന്റീവ് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | വർഷങ്ങൾ | | | | |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 447569 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 440000 | 7569 |
| ജില്ലാപഞ്ചായത്ത് | മുൻ വർഷങ്ങൾ | 0 | ഇല്ല | 0 | 150000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 513431 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 503501 | 9930 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 111691 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 100000 | 11691 |
| ജില്ലാപഞ്ചായത്ത് | 2018-19 | 336987 | സമഗ്ര നെൽകൃഷി വികസനം | 336987 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 200000 | ക്ഷിരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 100000 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 450000 | കൊട്ടുവേലി അംഗൻവാടി നിർമ്മാണം | 0 | 450000 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 300000 | വാഴക്കാല അംഗൻവാടി നിർമ്മാണം | 0 | 300000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 500000 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് ഇൻസെന്റീവ് | 500000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 56000 | ജവഹർ ഭവന ബ്ലോക്ക്പഞ്ചായത്ത്പദ്ധതി പലിശ തിരിച്ചടവ് | 51332 | 4668 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 222050 | സാന്ത്വനം ചികിൽസാ പരിപാടി | 222050 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 100000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |

ബ്ലോക്ക്പഞ്ചായത്തിന്റെ പാൽ ഇൻസന്റീവ് ഇനത്തിൽ ₹2,00,000/-യും വാഴക്കാല അംഗൻവാടി നിർമ്മാണ ഇനത്തിൽ ₹3,00,000/-യും ഉൾപ്പെടെ ആകെ ₹5,00,000/- വരവ് വെച്ചിട്ടില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരളാവാട്ടർ അതോറിറ്റി | സാക്ഷരതാ സെന്ററിന് കുടിവെള്ള പദ്ധതി | u000000554979762 | 9400 | 0 | 9460 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾക്ക് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | u000000591794580 | 204583 | 0 | 204583 |
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | u000000616059120 | 32214 | 0 | 32214 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | 229/10/സ.ഉ.(സാധാ)നം.തസ്വഭവ. തീ.21,01.2010 | 6000000 | 420000 | 420000 | 0 | 0 |
| ജവഹർ ഭവന പദ്ധതി | 500602/ഡിബി-1/ 2015/തസ്വഭവ. | 56000000 | 4480000 | 560000 | 225718 | 3920000 |
| ഭവന വായ്പ (ലൈഫ്) | ജി.ഒ.എം.എസ്. നം.110/2018 തീ.13.08.2018 | 7920000 | 7920000 | 0 | 0 | 7920000 |

## 4-6 സ്ഥിര നിക്ഷേപം

**– ഇല്ല –**

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹4,500/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|
| 2005-06 | 3(2) | 4500 | സെക്രട്ടറി കോടിക്കുളം ഗ്രാമപഞ്ചായത്ത് | 118010100983/ തീ. 09.10.2018 |
| | **ആകെ** | **4500** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3-4 | 1999-2000 | 4-25 | ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണത്തിനായി സാധനങ്ങൾ വാങ്ങിയതിൽ അപാകതകൾ | ലഭ്യമല്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

**– ഇല്ല –**

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2001-02 | 5 | ശ്രീ. കെ. രാമചന്ദ്രൻ നായർ, സെക്രട്ടറി തസ്വഭവ. | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - | - | - | - | - | - |
| 2 | 2001-02 | 6 | ശ്രീ. കെ. രാമചന്ദ്രൻ നായർ, സെക്രട്ടറി തസ്വഭവ. | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - | - | - | - | - | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,68,58,026 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,24,37,279 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹24,934 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3,70,508 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്).

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക ₹ | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 24,934 | ശ്രീ. അഗസ്റ്റ്യൻ വി. എ., സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 45340 | ശ്രീ. എം.എച്ച്. ഷബീർ, കൃഷി ഓഫീസർ |
| 1-18 | 19250 | ശ്രീമതി. മോളി റ്റി. ബി, ഹെഡ്മാസ്റ്റർ |
| 1-19 | 204583 | ശ്രീ. അഗസ്റ്റ്യൻ വി.എ, സെക്രട്ടറി |
| 1-21 | 101335 | ശ്രീ. എം.എച്ച്. ഷബീർ, കൃഷി ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– ഇല്ല –

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– ഇല്ല –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. എച്ച്. ഷബീർ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കോടിക്കുളം ഗ്രാമപഞ്ചായത്ത് | മാളിയേക്കൽ<br>മൂവാറ്റുപുഴ പി. ഒ.<br>എറണാകുളം – 686661 |
| ശ്രീമതി. മോളി റ്റി. ബി.<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ<br>കോടിക്കുളം ഗ്രാമപഞ്ചായത്ത് | എടപ്പറമ്പത്ത്<br>തൊടുപുഴ പി.ഒ<br>മുതലിയാർ മഠം |

| | | |
|---|---|---|
| ശ്രീ. അഗസ്റ്റ്യൻ വി.എ.<br>സെക്രട്ടറി | സെക്രട്ടറി<br>കോടിക്കുളം ഗ്രാമപഞ്ചായത്ത് | വരിക്കയ്ക്കൽ<br>വണ്ടമറ്റം പി.ഒ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1976-77 | എൽ.എഫ്.ഐ.6-583/96<br>തീ. 21-10-96 | | |
| 1981-82 | എൽ.എഫ്.ഐ.6-583/9<br>തീ. 21-10-96 | | |
| 1982-83 | എൽ.എഫ്.ഐ.6-583/96<br>തീ. 21-10-96 | | |
| 1983-84 | എൽ.എഫ്.ഐ.6-583/96<br>തീ. 21-10-96 | | |
| 1984-85 | എൽ.എഫ്.ഐ.6-583/96<br>തീ. 21-10-96 | | |
| 1987-88 | എൽ.എഫ്.ഐ.7-564/92<br>തീ. 17-07-1992 | | |
| 1988-89&<br>1989-90 | എൽ.എഫ്.ഐ.7-880/93<br>തീ. 17-06-1993 | | |
| 1990-91&<br>1991-92 | എൽ.എഫ്.ഐ.7-379/94<br>തീ. 10-11-1994 | | |
| 1992-93 | എൽ.എഫ്.ഐ.7- 288/95<br>തീ. 22-04-1996 | | |

| | | | |
|---|---|---|---|
| 1993-94 & 1994-95 | എൽ.എഫ്.ഐ.7- 426/97<br>തീ. 09-02-1998 | | |
| 1995-96 | എൽ.എഫ്.ഐ.10/1238/17<br>തീ. 01.11.2017 | 3 | 12, 4-4, 4-8 |
| 1996-97 | എൽ.എഫ്.ഐ.7-445/1999<br>തീ. 26.09.1999 | 22 | 1,2,3,4,5,6,7,8,10,11,12,13,14,15, 17,18,19,20,21,22,23,4-8 |
| 1997-98 | എൽ.എഫ്.ഐ.7/253/2001<br>തീ. 05.07.2001 | 0 | എൽ.എഫ്.ഐ.7/253/ 2001/ 05.07.01 പ്രകാരം റിപ്പോർട്ട് ക്ലോസ് ചെയ്തു. |
| 1998-99 | കെ.എസ്.ഐ.ഡി.കെ.10/1238/17<br>തീ. 02.11.17 | 0 | കെ.എസ്.എ.ഐ.ഡി.കെ. 10/1238/17/02.11.17 പ്രകാരം റിപ്പോർട്ട് ക്ലോസ് ചെയ്തു. |
| 1999-2000 | എൽ.എഫ്.ഐ.7-267/03<br>തീ. 27.03.03 | 24 | 1, 2, 3, 4, 5, 6,7, 8, 9, 10, 11, 12, 13, 14, 15,16, 17, 18, 19, 20, 21,23, 26, 27 |
| 2000-01 | എൽ.എഫ്.ഐ.-7-605/02<br>തീ. 13.09.05 | 21 | 2, 17, 18, 19,22, 23, 24, 25, 26, 29, 30,31,32, 33, 34, 35, 36,37, 38,39, 41 |
| 2001-02 | എൽ.എഫ്.ഐ.-9-163/04<br>തീ. 07.12.05 | 4 | ഭാഗം-1, 5, 6, 7, 8, 9 |
| 2002-03 | എൽ.എഫ്.ഐ.-7-289/05<br>തീ. 04.05.06 | 3 | ഭാഗം- 1, 2-1, 3-2 |
| 2003-04 | എൽ.എഫ്.ഐ.-8-278/07<br>തീ. 03.07.07 | 8 | ഭാഗം- 1, 2-1, 2-2,2-3, 3-1, 3-2, 3-3,3-4 |
| 2004-05 | എൽ.എഫ്.ഐ.-8-564/07<br>തീ. 04.09.07 | 7 | ഭാഗം-1, 2-1, 2-2, 3-2, 3-3, 3-8, 3-9 |
| 2005-06 | എൽ.എഫ്.ഐ.-9-1108/09<br>തീ. 01.10.09 | | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.ഐ.-9-659/08 തീ. 24.10.08 | 3 | 2-1, 3-1, 4-6 |
| 2007-08 | എൽ.എഫ്.ഐ.-10-1118/10 തീ. 20.07.11 | 8 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2008-09 | എൽ.എഫ്.ഐ.-10-522/12/ തീ. 20.06.12 | 6 | ഭാഗം-1, 2-1, 2-3, 2-4, 3-1, 4-6 |
| 2009-10 | എൽ.എഫ്.ഐ.-10-944/13 തീ. 09.05.14 | 10 | 2-1, 2-2, 3-1, 3-3, 3-4, 3-5, 4-4 |
| 2011-12 | കെ.എസ്.എ.ഐ.ഡി.കെ- 10/827/15/തീ. 06.10.15 | 8 | ഭാഗം-1, 2-1, 2-2,3-1, 3-3, 3-4, 3-5,4-4 |
| 2012-13 & 13-14 | കെ.എസ്.എ.ഐ.ഡി.കെ. 10/1376/15/തീ. 31.12.15 | 10 | 1-5, 2-1, 2-2, 3-1,3-2, 3-3, 3-4, 3-5,3-6, 4-2 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 10/1418/16തീ. 03.02.17 | 12 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-3, 3-4, 4-7, 4-8, 4-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ. 10/1661/16/തീ. 7.1.2017 | 17 | 1-10, 1-11, 1-12,2-2, 2-3, 2-4, 3-1,3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 4-7, 4-8, 4-9 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ. 10/1660/17/തീ. 19.12.17 | 12 | 1-12, 2-1, 3-1,3-3, 3-4, 3-6, 3-7, 3-8, 3-9,4-7, 4-8, 4-9 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ. 10/1165/18/തീ. 10.10.18 | 11 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**അനുബന്ധം – 1**

**ഓഡിറ്റ് സാക്ഷ്യപത്രം**

**നം.കെ.എസ്.എ-ഐ.ഡി.കെ-10/867/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ – 685 584

ഫോൺ : 04862-227332

***ഇ-മെയിൽ : doidk.ksad@kerala.gov.in***

തീയതി. 07.11.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6). 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)/1413/ 2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കോടിക്കുളം** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ഇടുക്കി**

**Annexure – 2**

## AUDIT CERTIFICATE

No.KSA-IDK-10/867/2019

Office of the Senior Deputy
Director of Kerala State Audit Department
District Office, Idukki
Thodupuzha – 685 584
Phone : 04862-227332
*E-mail : doidk.ksad@kerala.gov.in*

Date. 07.11.2019

Certified that I have audited the Annual Financial Statement of **KODIKKULAM** Grama Panchayat in **Idukki** District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **KODIKKULAM** Grama Panchayat for the **2018-19**, except the observations in my Audit Report Properly presence in the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**